**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐയിൽ നിന്നും നോഡൽ ഏജൻസിയായ സപ്ലൈകോ മുഖേന വിട്ടെടുത്ത് എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ സംഭരിച്ച് വാതിൽപ്പടി വിതരണത്തിലൂടെ എല്ലാ റേഷൻ കടകളിലും എത്തിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ കർഷകരുടെ പക്കൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സപ്ലൈകോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈകോ സംഭരിക്കുന്ന നെല്ല് സ്വകാര്യ മില്ലുകളിൽ സംസ്കരിച്ച് കുത്തരിയാക്കി(CMR)വിതരണത്തിനായി റേഷൻ കടകളിൽ എത്തിക്കുന്നു. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഓരോ താലൂക്കിലും ധാന്യസംഭരണത്തിനായി സൗകര്യപ്രദമായ സ്ഥലത്ത് ശാസ്ത്രീയമാതൃകയിലുള്ള ഗോഡൗണുകൾ സർക്കാർ ഉടമസ്ഥതയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി 2022-27 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കുന്നതിനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ വാതിൽപ്പടി വിതരണം നടത്തുന്നതിന്റെ നോഡൽ ഏജൻസി സപ്ലൈകോയാണ്. 216 ഗോഡൗണുകൾ Central Warehousing Corporation, State Warehousing Corporation, Private Agency കൾ എന്നിവരിൽ നിന്ന് വാടകയ്ക്കെടുത്താണ് എഫ്.സി.ഐയിൽ നിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്. ടി ഗോഡൗണുകൾ ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ളതല്ല. സംസ്ഥാനത്തെ ശാസ്ത്രീയമായ ഗോഡൗണുകളുടെ കുറവ് ഭക്ഷ്യധാന്യങ്ങൾ കേട്ടു വരുന്നതിന് കാരണമായി കാണുന്നു. ആയതിനാൽ, |

| | | | |
|---|---|---|---|
| | | | 2022-27 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ താലൂക്കിലും പൊതു വിതരണ വകുപ്പിന്റെ കീഴിൽ ഓരോ എൻ.എഫ്.എസ്.എ ഗോഡൗണുകൾ വീതം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന് ഏകദേശം 462 കോടി രൂപ ചെലവ് കണക്കാക്കുന്നു. കേരളത്തിലെ എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ ശാസ്ത്രീയമായ ക്രമീകരണങ്ങൾ വരുത്തി FIRST IN FIRST OUT സമ്പ്രദായം നടപ്പിലാക്കും. ധാന്യങ്ങൾ കേട്ട കൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തും. |
| (സി) | ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരത്തോടെ സൂക്ഷിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ സൗകര്യങ്ങൾ ഗോഡൗണുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (സി) | ഭക്ഷ്യപൊതുവിതരണ വകുപ്പിനു കീഴിൽ ശാസ്ത്രീയമായി എൻ.എഫ്.എസ്.എ ഗോഡൗണുകൾ നിർമ്മിക്കുമ്പോൾ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുന്നതാണ്. |
| (ഡി) | ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽനിന്നും റേഷൻ കടകളിലേക്ക് എത്തുന്നതിനുമുൻപ് ഉണ്ടാകാവുന്ന തിരിമറികൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണം വഴി എത്തിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായ അളവിൽ ലഭിച്ചിട്ടുണ്ടെന്ന് റേഷൻ വ്യാപാരികൾ ബോധ്യപ്പെട്ട് കൈപ്പറ്റ് രസീത് നൽകേണ്ടതും Supply Chain Management System (എസ്.സി.എം.എസ്) സോഫ്റ്റ്.വെയർ മുഖാന്തിരം ഇ-പോസ് മെഷീനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്റ്റോക്ക് കൃത്യമായ അളവിൽ തന്നെ ലഭിച്ചിട്ടുണ്ടെന്ന് ഇ-പോസ് മെഷീനിൽ റേഷൻവ്യാപാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എൻ.എഫ്.എസ്.എ ഗോഡൗണിൽ നിന്നും റേഷൻകടയിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തുന്ന എല്ലാ വാഹനങ്ങളിലും ജി.പി.എസ് ഘടിപ്പിച്ച് വാഹനങ്ങൾ ട്രാക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ക്രമീകരണങ്ങൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ നിലവിലുള്ള എല്ലാ എൻ.എഫ്.എസ്.എ ഗോഡൗ ണുകളിലും സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട് . |
| (ഇ) | റേഷൻ കടകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി റേഷൻ കടകൾ പുതിയ ലൈസൻസികളെ ഏൽപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻകട നവീകരണത്തോട് അനുബന്ധിച്ച് കേരളാ റേഷനിംഗ് ഓർഡർ, 1966 പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.ആർ.ഒ., 1966 പരിഷ്കരിച്ച് കൊണ്ട് 18.02.2021 ൽ KTPDS (Kerala Targeted Public Distribution System) (Control) ഓർഡർ, 2021 നിലവിൽ വന്നു. ഇതോടെ പ്രവർത്തനം നിർത്തിവെച്ചിരുന്ന റേഷൻ കടകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ജില്ലകളിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം സ്ഥിരമായി റദ്ദ് ചെയ്ത 599 റേഷൻ കടകൾക്ക് നോട്ടിഫിക്കേഷൻ പ്രകാരം റിസർവേഷൻ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പുതിയ ലൈസൻസികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ